**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 383** **05-10-2021 - ൽ മറുപടിയ്ക്ക്**

**ധനകാര്യവകുപ്പ് സൂക്ഷ്മപരിശോധന നടത്തുന്ന സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, സി &എ.ജി ഓഡിറ്റ് എന്നിവ നടക്കുന്ന ഏതെങ്കിലും സ്ഥാപനങ്ങളിൽ ധനകാര്യവകുപ്പ് സൂക്ഷ്മപരിശോധന നടത്താറുണ്ടോ; | (എ) | സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, സി&എ.ജി ഓഡിറ്റ് എന്നിവ പരിഗണിക്കാതെ തന്നെ സർക്കാർ വകുപ്പുകൾ, അവയ്ക്ക് കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരാതിയുടെ അടിസ്ഥാനത്തിലോ, ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കോ ധനകാര്യ പരിശോധനാ വിഭാഗം സൂക്ഷ്മ പരിശോധന നടത്താറുണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ ആണ് ഇപ്രകാരം പരിശോധന നടത്തുന്നതെന്നും പ്രസ്തുത പരിശോധനയ്ക്ക് അടിസ്ഥാനമാക്കുന്ന ഘടകങ്ങൾ എന്തൊക്കെ ആണെന്നും വ്യക്തമാക്കാമോ? | (ബി) | സർക്കാർ വകുപ്പുകൾ, അവയ്ക്ക് കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ ആരോപിച്ചുകൊണ്ടുള്ള പരാതികളുടെ അടിസ്ഥാനത്തിലോ, ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിലോ ധനകാര്യ പരിശോധനാ വിഭാഗം സൂക്ഷ്മ പരിശോധന നടത്താറുണ്ട്. കൂടാതെ സാമ്പത്തിക അച്ചടക്കം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനായി മേൽ സ്ഥാപനങ്ങളിൽ ആകസ്മിക പരിശോധനയും നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ